LIBRARY ARCHIVES Kerala Legislative Assembly

മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണം

215 (923) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പമ്പിംഗ് സംവിധാനങ്ങൾ പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 20489/B1/2014/WRD ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ഇപ്പോൾ നിലവിലുള്ള ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികളുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ മാവൂരിലെ കളിമാട് പമ്പിംഗ് സ്റ്റേഷൻ, ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ല. ഈ സംവിധാനം കോഴിക്കോട് പദ്ധതിക്ക് മാത്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) 25-10-2014-ലെ 20489/ബി1/14/ജവിവ നമ്പർ കത്ത് പ്രകാരം കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി 'മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ

216 (924) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;